**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് - കല്ലൂർക്കാട് പി.എച്ച്.സി.യുടെ ജെറിയാട്രിക് വാർഡ് നിർമ്മാണം പ്രോജക്ടിന് തുക വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).98/15/തസ്വഭവ    തീയതി, തിരുവനന്തപുരം, 12.01.2015

==========================================================================

പരാമർശം: ഗ്രാമവികസന കമ്മീഷണറുടെ 26.11.2014 ലെ 10365/ഡിപി.4/13/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിലേതുൾപ്പെടെ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്ലാൻ, ജനറൽ പി.ഡി. അക്കൗണ്ടുകളിൽ ചെലവഴിക്കാതെ അവശേഷിച്ചിരുന്ന തുക സർക്കാർ തിരിച്ചെടുക്കുകയും ഇപ്രകാരം തിരിച്ചെടുത്ത രൂപയിൽ ഏതെങ്കിലും പദ്ധതികൾക്ക് വിനിയോഗിക്കേണ്ട തുകയുണ്ടെങ്കിൽ ടി തുക തിരികെ ലഭിക്കുന്നതിന് ലോക്കൽ ഫണ്ട് വകുപ്പിൽ നിന്ന് ഇതു സംബന്ധിച്ച റിപ്പോർട്ട് ഹാജരാക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ഇപ്രകാരം മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന് ആവശ്യമുള്ള തുകയായ 44,55,707/- രൂപ ടി.പി.ഐ. അക്കൗണ്ടിലേക്ക് വരവുവയ്ച്ചിട്ടുണ്ട്. മേൽ തുകയിൽ കല്ലൂർക്കാട്, പണ്ടപ്പിള്ളി ആശുപത്രികൾക്കുള്ള 17,37,825/- രൂപയും ഉൾപ്പെട്ടിരുന്നു. ഇതിൽ പണ്ടപ്പിള്ളി ആശുപത്രിയ്ക്ക് വേണ്ടി ചെലവഴിച്ച 9,30,920/- രൂപ കിഴിച്ച് അവശേഷിക്കുന്ന 8,06,905/- രൂപയും പദ്ധതി വിഹിതമായി 7,93,095/- രൂപയും ഉൾപ്പെടെ ആകെ 16,00,000/- രൂപ വകയിരുത്തിയാണ് കല്ലൂർക്കാട് പി.എച്ച്.സി.യിൽ ജെറിയാട്രിക് വാർഡ് നിർമ്മാണം എന്ന പദ്ധതി ഏറ്റെടുത്തത്. ബ്ലോക്ക് പഞ്ചായത്തിന് ബി ഇനം ഗ്രാന്റിൽപ്പെടുത്തി അനുവദിച്ചിരുന്ന 8,06,905/- രൂപ തിരിച്ചെടുത്തത് ലോക്കൽ ഫണ്ട് വകുപ്പിന്റെ ശുപാർശയോടെ തിരികെ ലഭിച്ചിട്ടുള്ളത് BPFA I അക്കൗണ്ടിൽ അവശേഷിച്ചിരുന്നത് ഗവൺമെന്റിന്റെ Consolidated Fund ലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന് അക്കൗണ്ടന്റ് ജനറൽ നിർദ്ദേശിച്ചിരുന്നു. കല്ലൂർക്കാട് ഗവ.ആശുപത്രിക്ക് ജെറിയാട്രിക് വാർഡ് നിർമ്മാണം എന്ന പ്രോജക്ട് നടപ്പിലാക്കുകയും പദ്ധതി വിഹിതമായ 7,93,095/- രൂപ നൽകുകയും ചെയ്തിട്ടുണ്ടെന്നും ഗവ.അനുമതി ലഭിച്ചിട്ടില്ലാത്തതിനാലാണ് ബാക്കി തുകയായ 8,06,905/- രൂപ നൽകാത്തതെന്നും ആയതിനാൽ ലോക്കൽ ഫണ്ട് ടി.പി. അക്കൗണ്ടിലേക്ക് വരവുവച്ചുകൊടുത്ത ആരോഗ്യവകുപ്പിന്റെ തുകയായ 17,37,825/- രൂപയിൽ പണ്ടപ്പിള്ളി ആശുപത്രിക്കു ചെലവഴിച്ച 9,30,920/- രൂപ കഴിച്ചുള്ള 8,06,905/-

രൂപ കല്ലൂർക്കാട് ഗവ.ആശുപത്രിക്ക് ജെറിയാട്രിക് വാർഡ് നിർമ്മാണം എന്ന പ്രോജക്ടിനുവേണ്ടി ചെലവഴിക്കുന്നതിനുള്ള പ്രത്യേക അനുവാദം മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന് നൽകണമെന്നും ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലോക്കൽ ഫണ്ട് ടി.പി. അക്കൗണ്ടിലേക്ക് വരവുവച്ചുകൊടുത്ത ആരോഗ്യവകുപ്പിന്റെ തുകയായ 17,37,825/- രൂപയിൽ പണ്ടപ്പിള്ളി ആശുപത്രിക്കു ചെലവഴിച്ച 9,30,920/- രൂപ കഴിച്ചുള്ള 8,06,905/- രൂപ കല്ലൂർക്കാട് ഗവ.ആശുപത്രിക്ക് ജെറിയാട്രിക് വാർഡ് നിർമ്മാണം എന്ന പ്രോജക്ടിനുവേണ്ടി ചെലവഴിക്കുന്നതിനുള്ള പ്രത്യേക അനുമതി മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
രാമൻകുട്ടി.സി.,
ഡെപ്യൂട്ടി സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. സെക്രട്ടറി/പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്, മൂവാറ്റുപുഴ.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ